# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4941 : 21/10/2011 -ൽ മറുപടിക്ക്

### ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കാൻ നടപടി

ചോദ്യം | ഉത്തരം

**ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**

(വ്യവസായവും വിവരസാങ്കേതികവും

നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; | (എ) | കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും ചെറുകിട വ്യവസായ മേഖലകളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുമായി 'എമർജിംഗ് കേരള' എന്ന നിക്ഷേപ സമാഹരണ പരിപാടി നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ<br>1. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പി നായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ.<br>2. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു.<br>3. ഉൽപാദന സംരംഭങ്ങൾക്ക് വിത്ത് മൂലധന വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നു.<br>4. ഉൽപാദന സംരംഭങ്ങൾക്ക് സംസ്ഥാന നിക്ഷേപ സബ്സിഡി നൽകുന്നു.<br>5. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ്, പരിശീലനം എന്നിവ നൽകുന്നു. |

| | | | |
|---|---|---|---|
| | | | 6. ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ളിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ.<br>7. വ്യവസായ സംരംഭകർക്ക്പരിശീലനവും ബോധവൽക്കരണ സെമിനാറുകളും നടത്തുന്നു.<br>8. പ്രദർശന വിപണന മേളകളിലൂടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു.<br>9. വ്യവസായ സംരംഭകർ ക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുന്നു.<br>10. ലഘു ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റുവരവ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ, സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിക്കുന്നു.<br>11. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കുന്നതിനായി സംവിധാനം.<br>12. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ.<br>13. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br>14. ദൗർലഭ്യമുള്ള അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനു എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നു.<br>15. സാങ്കേതിക വിദ്യാ വികസന നിധി.<br>16. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലാബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br>17. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ളസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജന പ്പെടുത്തുന്നു.<br>18. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുള്ള സഹായം.<br>19. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി, പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടത്തുന്നു. |
| (ബി) | ചെറുകിട വ്യവസായ മേഖലയിൽ ഉല്പന്നവൈവിധ്യവൽക്കരണവും നവീന സാങ്കേതികവിദ്യയും പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ ; | (ബി) | ചെറുകിട വ്യവസായ മേഖലകളിൽ ഉല്പന്നവൈവിധ്യവൽക്കരണവും നവീന സാങ്കേതിക വിദ്യയും പ്രോത്സാഹിപ്പിക്കുന്നതിനായി കരട് വ്യവസായ വാണിജ്യ നയത്തിൽ താഴെ പറയുന്നവ പ്രതിപാദിച്ചിരിക്കുന്നു.<br>1. നല്ല റോഡുകൾ, വൈദ്യുതി, ജലം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കും. വ്യാവസായികമായി വികസിച്ചുകൊണ്ടിരിക്കുന്ന പ്രദേശങ്ങളെയും നിലവിലുള്ള വ്യവസായ പാർക്കുകളെയും നവീകരിക്കും.<br>2. പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ പുതിയ വ്യവസായ മേഖല, വ്യവസായ പ്ലോട്ടുകൾ വികസിപ്പിക്കും.<br>3. പുതിയ സംരംഭങ്ങൾക്ക് മാർജിൻ മണി, വായ്പാ പദ്ധതി, മൂതൽ മുടക്ക് സബ്സിഡി തുടങ്ങിയ മൂലധന പിൻതുണ നൽകും.<br>4. വായ്പ തവണ അടയ്ക്കലിലും സെക്യൂരിറ്റി ഡെപ്പോസിറ്റ്, വില മുൻഗണന എന്നിവയിലും ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ അഞ്ച് വർഷത്തേക്ക് ഒഴിവാക്കും.<br>5. സംരംഭകരെ സഹായിക്കുന്നതിനും അപേക്ഷകൾ അതിവേഗം സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിനും വെബ് പോർട്ടൽ സംവിധാനം രൂപീകരിക്കും.<br>6. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ ഉത്പന്നങ്ങളുടെ പൊതുവായ ബ്രാൻഡിങ്ങ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കും.<br>7. വിദഗ്ദരായ തൊഴിലാളികളുടെ ഡാറ്റാ ബാങ്ക് |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ച് വ്യവസായ യൂണിറ്റുകളിൽ വിദഗ്ദ തൊഴിലാളികളുടെ ലഭ്യത ഉറപ്പു വരുത്തും;<br>8. വരും കാലഘട്ടങ്ങളിലെ വ്യവസായിക മാറ്റങ്ങളെ അഭിമുഖീകരിക്കുന്നതിനു വേണ്ടി വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരെ സജ്ജമാക്കുന്നതിനായി പരിശീലനപരിപാടികൾ നടപ്പിലാക്കും.<br>9. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ കാര്യക്ഷമതയും കാര്യപ്രാപ്തിയും കൂട്ടുന്നതിനും സംരംഭകർക്ക് നല്ല സേവനങ്ങൾ നൽകുന്നതിനും വേണ്ടി ഇ-ഗവേണൻസും ഇ-കോമേഴ്സും ശക്തിപ്പെടുത്തും.<br>10. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് വിദഗ്ദ്ധ സേവനവും പരസ്പര സഹകരണവും ശക്തിപ്പെടുത്തും.<br>11. സംരംഭകരുടെ പരാതികൾ സ്വീകരിക്കുന്നതിനും സമയാധിഷ്ഠിത നടപടിക്കും സർക്കാർ ഒരു ഓൺലൈൻ സമ്പ്രദായം അവലംബിക്കും.<br>12. സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഡീംഡ് ലൈസൻസ് സംവിധാനം സർക്കാർ ഏർപ്പെടുത്തും. |
| (സി) | ചെറുകിട വ്യവസായ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടികളുടെ പുരോഗതി വ്യക്തമാക്കുമോ ; | (സി) | കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ എം. എസ്. ഇ-സി.ഡി.പി. പദ്ധതിപ്രകാരം ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുവാനുള്ള ധനസഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു.<br>**<u>പ്രസ്തുത പദ്ധതി പ്രകാരം അംഗീകാരം ലഭിച്ചു പൂർത്തിയാക്കിയ പദ്ധതികൾ താഴെ പ്രതിപാദിക്കുന്നവയാണ്.</u>**<br>1. റബ്ബർ ക്ലസ്റ്റർ, ചങ്ങനാശ്ശേരി, കോട്ടയം<br>2. പ്ലാസ്റ്റിക് ക്ലസ്റ്റർ, ആലുവ, എറണാകുളം.<br>3. പ്ലൈവുഡ് മാനുഫാക്ചേഴ്സ് ക്ലസ്റ്റർ, പെരുമ്പാവൂർ<br>4. ടെറാ ടൈൽ ക്ലസ്റ്റർ, തൃശ്ശൂർ<br>5. ഫർണിച്ചർ ക്ലസ്റ്റർ, എറണാകുളം. |

| | | | |
|---|---|---|---|
| | | | **<u>പ്രസ്തുത പദ്ധതി പ്രകാരം അംഗീകാരം ലഭിച്ചു നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**<br>1. റൈസ് മില്ലേഴ്സ് കൺസോർഷ്യം, കാലടി<br>2. വുഡ് ക്ലസ്റ്റർ, പെരിന്തൽമണ്ണ, മലപ്പുറം<br>3. ജനറൽ എൻജിനീയറിംഗ് ക്ലസ്റ്റർ, മഞ്ചേരി, മലപ്പുറം.<br>**<u>കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച മറ്റു ക്ലസ്റ്ററുകൾ താഴെ പ്രതിപാദിക്കുന്നവയാണ്</u>**<br>1. എത്ത്നിക് ഫുഡ് പ്രോസ്സസ്സിംഗ് ക്ലസ്റ്റർ, പാലാ, കോട്ടയം<br>2. ഓഫ്സെറ്റ് പ്രിന്റേഴ്സ് ക്ലസ്റ്റർ, എറണാകുളം<br>3. നാച്ച്യുറൽ ഫൈബർ & അലൈഡ് പ്രോഡക്ട്സ് ക്ലസ്റ്റർ, വൈക്കം, കോട്ടയം<br>കൂടാതെ വുഡ് ക്ലസ്റ്റർ കൊല്ലം പദ്ധതിക്ക് 28-ാം എം.എസ്.ഇ- സിഡിപി സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>മേൽപറഞ്ഞവ കൂടാതെ കേന്ദ്ര സർക്കാരിന്റെ പരിഗണന യിലുള്ള പദ്ധതികൾ<br>1. ഫർണിച്ചർ ക്ലസ്റ്റർ, കണ്ണൂർ<br>**<u>കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം സിഡ്ബിയുടെ സാധ്യതാ പഠനത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്</u>**<br>1. അഗ്രിക്കൾച്ചർ ഇംപ്ലിമെൻസ് ക്ലസ്റ്റർ, ഷൊർണൂർ<br>2. ഓഫ്സെറ്റ് പ്രിന്റേഴ്സ് ക്ലസ്റ്റർ, കണ്ണൂർ |

സെക്ഷൻ ഓഫീസർ